# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3264 16.12.2015 -ൽ മറുപടിക്ക്

## കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയം

ചോദ്യം ഉത്തരം

ശ്രീമതി. പി.അയിഷാ പോറ്റി : ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിന്റെ നവീകരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) യും (ബി) | കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിൽ മ്യൂസിയം, ഓഫീസ്, ഗ്യാലറികൾ എന്നിവ സജ്ജീകരിച്ച് നവീകരണ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. ശില്പങ്ങൾ ദാരുശില്പങ്ങൾ എന്നിവ പ്രദർശന യോഗ്യമാക്കുകയും, കഥകളി കോപ്പുകളുടെ നവീകരണം പ്രതിമകളുടെ കേടുപാടുകൾ തീർക്കൽ എന്നിവ കേരള കലാമണ്ഡലം മുഖേനയും നടപ്പാക്കിയിട്ടുണ്ട്. ആകെ 13,73,124/- രൂപയുടെ (പതിമൂന്ന് ലക്ഷത്തി എഴുപത്തിമൂവായിരിത്തി ഒരുന്നൂറ്റി ഇരുപത്തി നാല് രൂപ മാത്രം) പ്രവർത്തനങ്ങളാണ് മ്യൂസിയത്തിൽ നടപ്പിലാക്കിയത്. മ്യൂസിയം സ്ഥിതി ചെയ്യുന്ന കെട്ടിടം ദേവസ്വം ബോർഡിന്റെ അധീനതയിലായതിനാൽ മ്യൂസിയത്തിന്റെ വിപുലമായ വികസന പ്രവർത്തനങ്ങൾക്ക് ദേവസ്വം ബോർഡിന്റെ അനുമതിയും സഹകരണവും ആവശ്യമാണ്. പ്രസ്തുത മ്യൂസിയം ഉൾപ്പെടുന്ന സ്ഥലം 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുന്നതിനായി റവന്യൂ വിശദവിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മ്യൂസിയം നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ വിപുലമായ സൗകര്യങ്ങളോടെ ആയത് പ്രവർത്തിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ; | | |
| (സി) | കൊല്ലം ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ അധീനതയിൽ എത്ര മ്യൂസിയങ്ങൾ പ്രവർത്തിക്കുന്നു ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | കൊല്ലം ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ അധീനതയിൽകൊട്ടാരക്കര തമ്പുരാൻ സ്മാരക ക്ലാസിക്കൽ കലാ മ്യൂസിയം, പെരിനാട് ഗ്രാമപഞ്ചായത്തിലുള്ള നാന്ദിരിക്കൽ വേലുത്തമ്പി ദളവാ മ്യൂസിയം എന്നി രണ്ട് മ്യൂസിയങ്ങൾ ഉണ്ട്. |

Saradadevi

സെക്ഷൻ ഓഫീസർ